# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5211 — 05.07.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

| ചോദ്യം<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കേരള മോട്ടോർ വാഹന ചട്ടം 260 എ പ്രകാരം, രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ 5 വർഷത്തിൽ കൂടുതൽ പഴക്കം ഉള്ള ഒരു സ്റ്റേജ് കാരേജ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആയി ഓടിക്കാൻ പാടുള്ളതല്ല. ടി ചട്ടങ്ങളിലെ ചട്ടം 2(ഇഎ) പ്രകാരം പരിമിത സ്റ്റോപ്പുകളോടുകൂടി 70 കി.മീറ്ററിനും 160 കി.മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ മാത്രമേ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് പെർമിറ്റ് നൽകുകയുള്ളൂ. സാധാരണഗതിയിൽ സ്വകാര്യ വാഹനങ്ങൾക്ക് ഫാസ്റ്റ് പാസഞ്ചർ പെർമിറ്റ് അനുവദിക്കാറില്ല. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് മിക്ക സൂപ്പർ ക്ലാസ് സർവ്വീസുകൾക്കും പെർമിറ്റ് നൽകിയിട്ടുള്ളത്. |
| (ബി) ഇപ്പോൾ റൂട്ടിൽ ഓടുന്ന സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്ക് പ്രസ്തുത മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ, ഇപ്പോൾ റൂട്ടിൽ ഓടുന്ന സ്വകാര്യ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് ഉണ്ട്. |
| (സി) തൃശ്ശൂർ-കോഴിക്കോട്, ഗുരുവായൂർ-കോഴിക്കോട്, പാലക്കാട്-കോഴിക്കോട് റൂട്ടുകളിൽ കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര ബസ്സുകൾ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളാക്കി മാറ്റി; എത്ര ബസ്സുകൾക്ക് പുതുതായി ഫാസ്റ്റ് പാസ്സഞ്ചർ റൂട്ട് അനുവദിച്ചു; റൂട്ട് തിരിച്ച് വിശദമാക്കുമോ; | (സി) | തൃശ്ശൂർ-കോഴിക്കോട്,ഗുരുവായൂർ-കോഴിക്കോട്, പാലക്കാട്-കോഴിക്കോട് എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസ്സഞ്ചറാക്കി മാറ്റിയ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>തൃശ്ശൂർ-കോഴിക്കോട് - 13<br>ഗുരുവായൂർ-കോഴിക്കോട് - 4<br>പാലക്കാട്-കോഴിക്കോട് - 7<br>ആകെ 24.<br>ഒരു ബസ്സിനും പുതുതായി ഫാസ്റ്റ് പാസ്സഞ്ചർ റൂട്ട് അനുവദിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) വിദ്യാർത്ഥികളെ സ്വകാര്യ ബസ്സുകളിൽ കയറ്റാതിരിക്കുന്നതിനാണ് പ്രധാനമായും ഫാസ്റ്റ് പാസ്സഞ്ചറാക്കി മാറ്റുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | 140 കി.മീറ്ററിൽ താഴെ ദൈർഘ്യമുള്ള സർവ്വീസുകൾ ഫാസ്റ്റ് പാസഞ്ചറാക്കി മാറ്റുന്നത് വിദ്യാർത്ഥികൾക്ക് കൺസഷൻ യാത്ര നിഷേധിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) കോടതിവിധി പ്രകാരം ഫാസ്റ്റ് പാസ്സഞ്ചറാക്കുവാൻ ഉദ്യോഗസ്ഥർ കൂട്ട് നിൽക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) ഉണ്ടെങ്കിൽ, എല്ലാ സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകളുടെയും രേഖകൾ പരിശോധിക്കുന്നതിനും, സ്വകാര്യ ഫാസ്റ്റ് പാസ്സഞ്ചറുകളിൽ വിദ്യാർത്ഥികൾക്ക് നിരക്ക് ഇളവ് അനുവദിക്കുന്നതിനും, കോടതി ഉത്തരവുകൾക്ക് അപ്പീൽ പോകുന്നതിനും നടപടി സ്വീകരിക്കുമോ ? | (എഫ്) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ